## പതിമൂന്നാം കേരള നിയമസഭ
## പതിന്നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5267 27.07.2015-ൽ മറുപടിയ്ക്ക്

ചോദ്യം
ശ്രീ. എം.വി.ശ്രേയാംസ് കുമാർ

മറുപടി
ശ്രീ.അനൂപ് ജേക്കബ്
ഭക്ഷ്യവും, പൊതുവിതരണവും,
ഉപഭോക്തൃസംരക്ഷണവും,
രജിസ്ട്രേഷനും വകുപ്പമന്ത്രി

### കൽപ്പറ്റ മണ്ഡലത്തിലെ സിവിൽ സപ്ലൈസ് സ്ഥാപനങ്ങൾ

| | | | |
|---|---|---|---|
| (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ എത്ര സ്ഥാപനങ്ങളുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ ; | (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ 95 റേഷൻ കടകളും 2 റേഷൻ മൊത്ത വിതരണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വൈത്തിരിയിൽ താലൂക്ക് സപ്ലൈ ആഫീസും കൽപ്പറ്റയിൽ ജില്ലാ സപ്ലൈ ആഫീസും പ്രവർത്തിക്കുന്നു. കൂടാതെ, ഭക്ഷ്യ വകുപ്പിന്റെ കീഴിലുള്ള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 8 മാവേലി സ്റ്റോറുകൾ, 2 സൂപ്പർ മാർക്കറ്റുകൾ, ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ, ഒരു സപ്ലൈകോ ഡിപ്പോ എന്നിവയും ടി നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇതിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് എ.ആർ.ഡി നമ്പർ- 99 , കുട്ടമംഗലം എ.ആർ.ഡി നമ്പർ- 100, മുണ്ടേരി എന്നീ റേഷൻ കടകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, മുട്ടിൽ,വെണ്ണിയോട്,മൂപ്പൈനാട് എന്നിവിടങ്ങ-ളിൽ ഓരോ മാവേലി സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. |
| (സി) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ പുതുതായി ഏതെങ്കിലും സ്ഥാപനങ്ങൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (സി) | കൽപ്പറ്റയിൽ തുർക്കി ബസാറിൽ പുതിയ റേഷൻ കട ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ട്. നിവേദനം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് താലൂക്ക് സപ്ലൈ ആഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ, പിണങ്ങോട് ടൌണിൽ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് കെട്ടിടം കണ്ടെത്തി നൽകിയാൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ കഴിയും. എം.എൽ.എ ഫണ്ടുപയോഗപ്പെടുത്തി രണ്ടാമതൊരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ